**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരത്തിനുള്ള സമയം ദീർഘിപ്പിക്കണമെന്ന ആവശ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് കാരണം സംസ്ഥാനത്ത് നികുതി വരുമാനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള സമയം 2022 ജൂൺ മുതൽ അഞ്ച് വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ ഈ ആവശ്യത്തോട് കേന്ദ്രത്തിന്റെ പ്രതികരണം എന്താണ്; വിശദമാക്കുമോ; | (എ) | കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിരുന്നു. കോവിഡ് മഹാമാരി സംസ്ഥാനത്തിന്റെ ജി.എസ്.ടി മുഖേനയുള്ള റവന്യൂ വരുമാനത്തെ ഗുരുതരമായി ബാധിച്ചതും കേന്ദ്രം ജി.എസ്.ടി. നഷ്ടപരിഹാരം അനുവദിക്കുന്നതിലെ കാലതാമസം കാരണം സംസ്ഥാനങ്ങൾക്ക് പലിശ ചെലവുള്ള ഹ്രസ്വകാല വായ്പകൾ എടുക്കേണ്ടിവന്നതു മൂലമുള്ള പ്രതിസന്ധി മറികടക്കാനും ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ഈ ആവശ്യം കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല. |
| (ബി) | രാജ്യത്ത് നികുതി വരുമാനം മുഴവനും കേന്ദ്രസർക്കാരിൽ കേന്ദ്രീകരിക്കുകയും സംസ്ഥാനങ്ങളുടെ ഖജനാവ് ശുഷ്കിക്കുകയും ചെയ്യുന്നത് ഫെഡറൽ തത്ത്വങ്ങൾക്ക് അനുഗുണമാണോ എന്ന് അറിയിക്കുമോ; സാമ്പത്തികമായി ശക്തമായ കേന്ദ്രവും ദുർബലമായ സംസ്ഥാനങ്ങളും ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് നിരക്കുന്നതാണോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ ചുമത്തിയിരുന്ന വാറ്റ്, കേന്ദ്ര സർക്കാർ ചുമത്തിയിരുന്ന എക്സൈസ് തീരുവ, സർവീസ് ടാക്സ് , മറ്റു പല പരോക്ഷ നികുതികൾ എന്നിവ ഒരുമിച്ചു ചേർത്ത് ഒറ്റ നികുതി സമ്പ്രദായത്തിലേക്ക് മാറിയതാണ് ജി.എസ്.ടി.. ഇതനുസരിച്ച് ചരക്കുകളുടെയും സേവനങ്ങളുടെയും വില്പനയിന്മേൽ ചുമത്തിയിട്ടുള്ള നികുതി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി വീതിക്കുന്നു. ജി.എസ്.ടി. നിലവിൽ വരുന്നതിനു മുൻപ് ചരക്കുകളുടെ വില്പനയിന്മേൽ മേൽ നികുതി |

| | | | |
|---|---|---|---|
| | | | ചുമത്തുന്നതിനുള്ള അധികാരം പൂർണ്ണമായും സംസ്ഥാനങ്ങളുടെ മേൽ നിക്ഷിപ്തമായിരുന്നു. ജി.എസ്.ടി. നിയമത്തിൽ ആ അധികാരം ഇല്ലാതായി. എന്നാൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിലുണ്ടായിരുന്ന സർവീസ്-നു മേലുള്ള നികുതിയുടെ ഒരു ഭാഗം ജി.എസ്.ടി.-യിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നു. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിന് വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നഷ്ടപരിഹാരം നിലവിൽ 2022 ജൂൺ വരെ സംസ്ഥാനങ്ങൾക്ക് ലഭ്യമാകും. ഇത് കൂടാതെ ജി.എസ്.ടി. യിൽ ഉൾപ്പെടാത്ത മദ്യം, പെട്രോളിയം ഉത്പന്നങ്ങൾ എന്നിവയിന്മേൽ നികുതി ചുമത്തുവാനുള്ള അധികാരം നിലവിൽ സംസ്ഥാനങ്ങൾക്കുണ്ട്. |
| (സി) | കേന്ദ്രം പ്രഖ്യാപിച്ച അൻപത് വർഷത്തെ തിരിച്ചടവ് കാലാവധി ലഭിക്കുന്ന പലിശ രഹിത വായ്പ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; സ്വീകരിച്ചാൽ എത്ര രൂപയാണ് സംസ്ഥാനത്തിന് അതിലൂടെ ലഭിക്കുക; ഈ തുക ലഭിക്കുന്നതിനായി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്നതിന് പകരമായി ഇതിനെ കാണുവാൻ സാധിക്കുമോയെന്നും വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ 2020-21, 2021-22 വർഷങ്ങളിൽ പ്രഖ്യാപിച്ച 50 വർഷത്തെ തിരിച്ചടവ് കാലാവധി ലഭിക്കുന്ന പലിശ രഹിത വായ്പ (പാർട്ട്-II) എടുക്കുന്നതിന് സംസ്ഥാനം സന്നദ്ധത അറിയിക്കുകയും പ്രസ്തുത സ്കീമിൽ 2020-21 ൽ അനുവദിച്ച 163 കോടി രൂപയിൽ 81.5 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2021-22-ൽ 238.5 കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽ 159 കോടി രൂപ ഒന്നാമത്തെ ഗഡുവായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേൽ സ്കീമിൽ ചേരുന്നതിന് Utilization Certificateഹാജരാക്കണമെന്ന നിബന്ധന മാത്രമാണ് കേന്ദ്ര സർക്കാർ വച്ചിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തേക്ക് 1 ലക്ഷം കോടി രൂപയുടെ പലിശ രഹിത വായ്പ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. കോവിഡ്-19 മഹാമാരി മൂലം നികുതി വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് കാരണം സംസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിലാണ് കേന്ദ്ര സർക്കാർ മേൽ പലിശ രഹിത വായ്പ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ